**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1279** **12-02-2025 - ൽ മറുപടിയ്ക്ക്**

**ബീച്ച് കോറിഡോർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര സാധ്യതകളുള്ള ദ്വീപ് മണ്ഡലമായ വൈപ്പിൻ കരയിൽ 2017-ൽ 4.50 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ബീച്ച് കോറിഡോർ പദ്ധതി ഏഴ് വർഷങ്ങൾ കഴിഞ്ഞിട്ടും അപാകതകൾ പരിഹരിച്ച് പുതുക്കിയ ഭരണാനുമതിയോടുകൂടി നടപ്പിലാക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | സംസ്ഥാന വിനോദസഞ്ചാര വകുപ്പ് മുഖേന Development of Beach corridor at Vypin lsland in Ernakulam District എന്ന പദ്ധതിക്ക് 4.5 കോടി രൂപയുടെ ഭരണാനുമതി G.O(Rt)No.160/2017/TSM dated 25.03.2017 പ്രകാരം ലഭിച്ചിട്ടുണ്ടായിരുന്നു. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തെ നിശ്ചയിക്കുകയും ചെയ്തിരുന്നു. മേൽ പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം CRZ ക്ലിയറൻസ് ലഭ്യമാക്കാത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ CRZ ക്ലിയറൻസ് ആവശ്യമില്ലാത്ത പദ്ധതി ഘടകങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് പദ്ധതിക്കായി ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ സർക്കാരിന്റെ അക്രഡിറ്റഡ് PMC ഏജൻസിയായ KEL എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ CRZ ബാധകമല്ലാത്ത പ്രവൃത്തികൾ ചെറായി, കുഴിപ്പള്ളി, മുനമ്പം എന്നീ ബീച്ചുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ കെൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ 2025-26 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) | വർഷങ്ങളായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന സി.ആർ.ഇസഡ് ഘടകങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള പദ്ധതി റിപ്പോർട്ട് നിർവ്വഹണ ഏജൻസിയായ കെല്ലിന് എന്നത്തേക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | CRZ ഘടകങ്ങൾ ഒഴിവാക്കികൊണ്ടുള്ള ഡി.പി.ആർ നിർവ്വഹണ ഏജൻസിയായ കെൽ സമർപ്പിച്ചിട്ടുണ്ട്. ആയത് 2025-26 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. |
| (സി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് | (സി) | പ്രൊപ്പോസൽ 2025-26 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കി |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ